# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2009

12/02/2013 - ൽ മറുപടിക്ക്

## മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം

**ചോദ്യം**

ശ്രീ. കെ. അച്ചുതൻ
ശ്രീ. ഐ.സി. ബാലകൃഷ്ണൻ
ശ്രീ. പി.എ. മാധവൻ

(എ) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം പൂർത്തിയാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഇതിനായി കേന്ദ്ര സർക്കാർ എന്തെല്ലാം സഹായങ്ങളാണ് അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) :

(എ) ഫിഷിംഗ് ഹാർബറുകളുടെ നവീകരണത്തിനായി പ്രോജക്ട് റിപ്പോർട്ട് യഥാസമയം തയ്യാറാക്കി നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന് (NFDB) സമർപ്പിക്കുകയും അവരുടെ സാമ്പത്തിക സഹായത്തോടെ പദ്ധതികൾ ഹാർബർ എൻജിനീയറിംഗ് വകുപ്പ് നടപ്പാക്കിയും വരുന്നു. പദ്ധതികളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുതലത്തിലും ജില്ലാതലത്തിലും പുനരവലോകന യോഗം നടത്തി പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

(ബി) പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഫിഷറീസ് ഡവലപ്പ്മെന്റ് ബോർഡിന്റെ (NFDB) ധനസഹായം ലഭ്യമാകുന്നുണ്ട്. ഹാർബർ എൻജിനീയറിംഗ് വകുപ്പിന് തങ്കശ്ശേരി, നീണ്ടകര, കായംകുളം, മുനമ്പം, പുതിയാപ്പ, ചോമ്പാൽ, തോട്ടപ്പള്ളി, ബേപ്പൂർ, ധർമ്മടം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണത്തിനായി NFDB യിൽ നിന്ന് നാളിതുവരെ 2819.49 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഏതെല്ലാം തുറമുഖങ്ങളാണ് നവീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളായ തങ്കശ്ശേരി (254.50 ലക്ഷം), നീണ്ടകര (1003 ലക്ഷം), കായംകുളം (259 ലക്ഷം), മുനമ്പം (136.82 ലക്ഷം), പുതിയാപ്പ (280 ലക്ഷം), ചോമ്പാൽ (336 ലക്ഷം), തോട്ടപ്പള്ളി (138 ലക്ഷം) ബേപ്പൂർ (299.17 ലക്ഷം), ധർമ്മടം (113 ലക്ഷം) എന്നിവയുടെ നവീകരണ പ്രവൃത്തികൾക്കായി NFDB യിൽ നിന്ന് അംഗീകാരം ലഭ്യമായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ പറയുന്നു.

1) <u>പുതിയാപ്പ മത്സ്യബന്ധന തുറമുഖം</u>

പ്രസ്തുത മത്സ്യബന്ധന തുറമുഖ നവീകരണത്തിന്റെ ഭാഗമായി NFDB ധനസഹായത്തോടെ ഫിഷ് ലോഡിംഗ്, പാർക്കിംഗ് ഏരിയയുടെ നിലവാരം മെച്ചപ്പെടുത്തൽ, ജല വിതരണ സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുത്തൽ എന്നിവ പൂർത്തിയായിട്ടുണ്ട്. ഡ്രെയിനേജ് സംവിധാനം മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചു വരുന്നു.

2) <u>കായംകുളം മത്സ്യബന്ധന തുറമുഖം</u>

ടി മത്സ്യബന്ധനതുറമുഖത്തിന്റെ ഭാഗമായി ഓടയുടെ നിർമ്മാണം, ലോഡിംഗ് ഏരിയ, റെയിൻ വാട്ടർ ഹാർവെസ്റ്റിംഗ് എന്നിവ പൂർത്തീകരിച്ചു. നെറ്റ് മെൻഡിംഗ് യാർഡ്, ആക്ഷൻ ഹാൾ നവീകരണം, പാർക്കിംഗ് ഏരിയ എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു.

3) <u>തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം</u>

NFDB ധനസഹായത്തോടെയുള്ള തങ്കശ്ശേരി മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

4) <u>നീണ്ടകര, ശക്തികുളങ്ങര മത്സ്യബന്ധന തുറമുഖം</u>

പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണ പ്രവൃത്തിയിൽ ഐസ് പ്ലാന്റിന്റെ നിർമ്മാണം ഒഴിച്ചുള്ള പ്രവൃത്തികൾ പൂർത്തീ

കരിച്ചിട്ടുണ്ട്. ഐസ്പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

5) ചോമ്പാൽ മത്സ്യബന്ധന തുറമുഖം

പ്രസ്തുത മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB ധനസഹായത്തോടെ പാർക്കിംഗ് ഏരിയയുടെ നവീകരണം, കവേർഡ് ഫിഷ് ലോഡിംഗ് ഏരിയയുടെ നിർമ്മാണം, ആന്തരിക റോഡുകളുടെ റീസർഫസിംഗ്, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ശേഷിക്കുന്ന പ്രവൃത്തികളായ ടോയ്‌ലറ്റ് ബ്ലോക്ക്, ആക്ഷൻ ബ്ലോക്ക് നവീകരണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവൃത്തികൾ ക്രമീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

6) മുനമ്പം മത്സ്യബന്ധന തുറമുഖം

NFDB ധനസഹായത്തോടെ നടക്കുന്ന മുനമ്പം മത്സ്യ ബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി ചുറ്റുമതിലുകളുടെ പുനരുദ്ധാരണം ഹാർബർ പരിസരത്തിന്റെയും ലേലപ്പുരയുടെയും നിലവാരമുയർത്തൽ/നവീകരണം എന്നീ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

7) തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖം

തോട്ടപ്പള്ളി മത്സ്യബന്ധനതുറമുഖത്തിന് നവീകരണത്തിന്റെ ഭാഗമായി 265 ലക്ഷം രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു എങ്കിലും 138 ലക്ഷം രൂപയുടെ ഭരണാനുമതിയേ എൻ.എഫ്.ഡി.ബി യിൽ നിന്നും ലഭ്യമായിട്ടുള്ളൂ. ആയതിനാൽ പുതുക്കിയ പ്രൊപ്പോസൽ പ്രകാരമുള്ള 265 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമാക്കണമെന്ന് NFDB യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

8) <u>ബേപ്പൂർ മത്സ്യബന്ധന തുറമുഖം</u>

ബേപ്പൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി NFDB യിൽ നിന്നും 8.07.2012 ൽ 299.17 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിക്കുകയുണ്ടായി. നെറ്റ് മെൻഡിംഗ് ഷെഡ്ഡിന്റെ നിർമ്മാണം, ജലവിതരണസംവിധാനം മെച്ചപ്പെടുത്തൽ, വൈദ്യുതീകരണം മെച്ചപ്പെടുത്തൽ, ഫിഷ് ലോഡിംഗ് ഏരിയ, വാഹനങ്ങളുടെ പാർക്കിംഗ് ഏരിയയുടെ മെച്ചപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നത്. പ്രവൃത്തി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9) <u>ധർമ്മടം മത്സ്യബന്ധന തുറമുഖം</u>

ധർമ്മടം മത്സ്യബന്ധന തുറമുഖത്തിന്റെ നവീകരണത്തിനായി എൻ.എഫ്.ഡി.ബി യിൽ നിന്നും 113 ലക്ഷം രൂപയുടെ ഭരണാനുമതി 16.01.2013 – ൽ ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.

ഡി) നവീകരണം പൂർത്തീയാക്കാനായി എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ഡി) മത്സ്യബന്ധന തുറമുഖങ്ങളുടെ നവീകരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പുതലത്തിലും ജില്ലാതലത്തിലും പുനരവലോകനയോഗം നടത്തി പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.